എൻ.ആർ.ഇ.പി., ആർ.എൽ.ഇ.ജി.പി. സ്കീമുകളിലെ ഭവന നിർമ്മാണം

1043 [1939] ശ്രീ. കെ. പങ്കജാക്ഷൻ: താഴെ കാണുന്ന ചോദ്യത്തിന് ഗ്രാമവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

എൻ.ആർ.ഇ.പി., ആർ.എൽ.ഇ.ജി.പി. സ്കീമുകളിൽ ഭവന നിർമ്മാണത്തിനു് അനുവദിക്കുന്ന തുക തീരെ അപര്യാപ്തമാണെന്നു് പരാതി ഗവൺമെൻറിൻറെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ?

ഉത്തരം

എൻ. ആർ. ഇ. പി., ആർ.എൽ.ഇ.ജി.പി. സ്കീമുകളിൽ ഭവന നിർമ്മാണത്തിന് അനുവദിക്കുന്ന തുക അപര്യാപ്തമാണെന്നുള്ള പരാതികളൊന്നും തന്നെ ഇതുവരെ ഗവൺമെൻറിന് ലഭിച്ചിട്ടില്ല.

ആർ.എൽ.ഇ.ജി.പി.യുടെ ഉദ്ദേശ്യം

1044 [1941] ശ്രീ. നാലകത്ത് സൂപ്പി:
,, എം. പി. എം. ഇസ്ഹാക്ക് കുരിക്കൾ:
,, സി. ടി. അഹമ്മദലി:
,, കെ. പി. രാമൻ:
,, പി. കെ. കെ. ബാവ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആർ. എൽ. ഇ. ജി. പി. സംസ്ഥാനത്ത് നടപ്പിലാക്കാൻ തുടങ്ങിയത് എന്നുമുതലാണ്;

(ബി) ഈ പദ്ധതിയുടെ ഉദ്ദേശ്യം എന്ത്;

(സി) ഈ പദ്ധതി ആരംഭിച്ചശേഷം ഓരോ വർഷവും ഈ ഇനത്തിൽ ചെലവഴിച്ച സംഖ്യ എത്ര?

ഉത്തരം

(എ) 1984-85 മുതൽ

(ബി) ഗ്രാമങ്ങളിലെ പാവപ്പെട്ട ജനങ്ങളുടെ ദാരിദ്ര്യത്തിന് ശമനം വരുത്തുവാൻ, ഗ്രാമപ്രദേശങ്ങളിലെ ഭൂരഹിതർക്ക് വേണ്ടത്ര തൊഴിൽ സൗകര്യം ലഭ്യമാക്കണം എന്ന ഉദ്ദേശ്യത്തോടെയാണ് ആർ.എൽ.ഇ.ജി.പി. പ്രവർത്തനങ്ങൾ ആവിഷ്കരിച്ചിട്ടുള്ളത്. ഭൂരഹിത തൊഴിലാളി കുടുംബത്തിൽ ഒരാൾക്കെങ്കിലും ഒരു വർഷത്തിൽ ചുരുങ്ങിയത് നൂറു ദിവസം ജോലി നൽകുവാൻ ഈ പദ്ധതി പ്രകാരം സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(സി) 1984-85—1712.47 ലക്ഷം രൂപ.
1985-86—2096.61 ലക്ഷം രൂപ.

LIBRARY ARCHIVES Kerala Legislative Assembly